# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## GMLP SCHOOL
## Punna
## Chavakkad P O

# വിദ്യാലയ ചരിത്രം

തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽപ്പെട്ട ചാവക്കാട് നഗരസഭയിലെ ഒരു പ്രദേശമാണ് പുന്ന. ഈ പ്രദേശം ഇപ്പോഴത്തെ ചാവക്കാട് മുനിസിപ്പാലിറ്റിയിലെ 5-ാം വാർഡ് മുഴുവനും 6-ാം വാർഡിന്റെ പടിഞ്ഞാറ് ഭാഗവും ഉൾപ്പെട്ടതാകുന്നു. കൊട്ടാരക്കുന്ന് എന്ന പേരിലായിരുന്നു.ആദ്യ കാലത്ത് ഈ സ്ഥലം അറിയപ്പെട്ടിരുന്നത്. ഈ പ്രദേശം മുഴുവനായും പുന്ന, കശുമാവ് മരങ്ങളായിരുന്നു. കുന്ന് ഇടിച്ച് നികത്തിയെടുത്ത സ്ഥലമാണിത്.

ചിങ്ങനാത്ത് കടവ് കടന്ന് കോട്ടപ്പുറത്തേക്ക് പോകുന്ന റോഡിന്റെയും മുതുവട്ടൂർക്ക് പോകുന്ന റോഡിന്റെയും ഏകദേശം ഹൃദയ ഭാഗത്തായാണ് പുന്ന ഗവ. മാപ്പിള എൽ.പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. ആദ്യ കാലത്ത് ഒരു പള്ളിക്കൂടമായിരുന്ന ഇവിടെ 1924 ൽ ആണ് സ്കൂൾ ആരംഭിച്ചത്.

മൂന്നു ഭാഗവും മൺഭിത്തി കൊണ്ട് കെട്ടി ഓല മേഞ്ഞ സ്കൂൾ സ്ഥിതി ചെയ്തിരുന്നത് കാഞ്ഞിരപ്പറമ്പിൽ ശങ്കരൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വാടകക്കായിരുന്നു. കാല പഴക്കത്താൽ സ്കൂൾ പൊളിഞ്ഞു വീണപ്പോൾ അന്നത്തെ എഇഒ യും ഒരു പ്രധാന അധ്യാപകനും കൂടി നാട്ടുക്കാരുടെ സഹായത്തോടെ ഒരു പുതിയ സ്കൂൾ കെട്ടിടം നിർമ്മിച്ച് 1933 ൽ ഒരു പൂർണ്ണ എൽ.പി.സ്കൂൾ ആയി നിലനിർത്തി.

1 ഏക്കർ 11 സെന്റ് സ്ഥലം ഇന്ന് സ്കൂളിന് ഭൂസ്വത്ത് ആയിട്ടുണ്ട്. തീരദേശവാസികളായ പാവപ്പെട്ട മാതാപിതാക്കളുടെ 78 കുട്ടികളാണ് 2023-24 അധ്യയന വർഷത്തിൽ അധ്യയനം നടത്തിവരുന്നത്. പ്രീ-പ്രൈമറി മുതൽ 4-ാം ക്ലാസ്സുവരെ ഇവിടെ പ്രവർത്തിച്ചു വരുന്നു. കൂടാതെ കെട്ടിടത്തിന്റെ ഒരു ഭാഗമായി അംഗൻവാടിയും പ്രവർത്തിക്കുന്നു.

വിവിധ കാലഘട്ടങ്ങളിലായി പല അധ്യാപകനും ഈ വിദ്യാലയത്തിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഷീജ.P.J ടീച്ചർ ആണ് ഇപ്പോഴത്തെ പ്രധാന അധ്യാപിക ടീച്ചറുടെ സേവനം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

## നിലവിലെ അവസ്ഥ

സ്ക്കൂളിന്റെ ഇപ്പോഴത്തെ അവസ്ഥ നല്ലതാണെങ്കിലും ചില പരിമിതികളും ഉണ്ട്. 4 ക്ലാസ്സ് മുറികളും ഒരു ഓഫീസ് റൂമും ഒരു കംപ്യൂട്ടർ ലാബും ഉണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി മൂത്രപ്പുരയും കക്കൂസും ഉണ്ട്. ശുദ്ധജലം ലഭിക്കുന്നതിന് കിണറും പൈപ്പ് കണക്ഷനും ഉണ്ട്. എല്ലാ ക്ലാസ്സ് മുറികളും ഫാനുണ്ട്. സ്കൂൾ അസംബ്ലിയും മറ്റും നടത്തുന്നതിനുള്ള സൗണ്ട് സിസ്റ്റങ്ങളും കംപ്യൂട്ടർ പഠനത്തിനായി 2 ലാപ്ടോപ്പും 2 ഡെസ്ക്ക്ടോപ്പും ഉണ്ട്. 2 പ്രൊജക്ടറുകൾ ഉണ്ട്. റാംപ് & റെയിൽ സൗകര്യവും ഉണ്ട്. ഒരു സ്റ്റേജ് മുൻവശത്തുണ്ട്. കുട്ടികൾക്ക് സ്കൂളിലേക്ക് വരുന്നതിനും പോകുന്നതിനും വാഹന സൗകര്യം ഉണ്ട്. പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മിഷൻ, വാട്ടർപ്യൂരിഫയർ എന്നി സൗകര്യങ്ങളും ഞങ്ങളുടെ സ്കൂളിലുണ്ട്. പ്രീ പ്രൈമറിക്ക് പ്രത്യേകമായി ഒരു ക്ലാസ്സ് റൂമും പ്രതീക്ഷിക്കുന്നു.

## അക്കാദമിക പരിമിതികൾ

വിദ്യാലയത്തിലെ ക്ലാസ്സ്മുറികളെല്ലാം തന്നെ ഓടുമേഞ്ഞതാണ്. കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിച്ച് ക്ലാസ്സ് മുറികൾ ആധുനിക വൽക്കരിക്കേണ്ടതുണ്ട്. വായനയെ പ്രോത്സാഹിപ്പിക്കാനായി സ്വതന്ത്രമായി ഇരുന്നു വായിക്കാനുള്ള ഒരു ലൈബ്രറി മുറി അത്യാവശ്യമാണ്. പരീക്ഷണങ്ങളിൽ ഏർപ്പെടാൻ ഒരു ലാബും ആവശ്യമാണ്. ഗണിത ലാബ് കുട്ടികൾക്ക് നല്ലൊരു ഗണിത പഠനം സാധ്യമാക്കി കൊടുക്കും.അതിനു വേണ്ട ഒരുക്കങ്ങൾ സ്ക്കൂളിൽ തുടങ്ങേണ്ടതുണ്ട്. വൃത്തിയോടുകൂടി അടുക്കും ചിട്ടയുമായി കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിനു വേണ്ടി ഒരു വലിയ ഡൈനിംഗ് ഹാൾ ഒരുക്കേണ്ടതായിട്ടുണ്ട്. ഓരോ ക്ലാസ്സിലും ലൈബ്രറി പുസ്തകങ്ങൾ വയ്ക്കുന്നതിനായി ഒരു അലമാരയുണ്ടെങ്കിലും കൃത്യമായി പുസ്തകങ്ങൾ അടുക്കി വയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കി കൊടുക്കാൻ പുതിയ ഒരു സൗകര്യം ഒരുക്കി കൊടുക്കണം.

# വിദ്യാലയം - മികവിന്റെ കേന്ദ്രം കാഴ്ച്ചപ്പാട്

1. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് പഠനം ഫലപ്രദമായി നടക്കാനുള്ള ഇടങ്ങൾ സൃഷ്ടിക്കുന്നതായിരിക്കണം നമ്മുടെ വിദ്യാലയ അക്കാദമിക ഭൗതിക സാഹചര്യങ്ങൾ.
2. പ്ലാസ്റ്റിക്, ലഹരിവിമുക്ത വിദ്യാലയ അന്തരീക്ഷം.
3. രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്.
4. വായനയെ പരിപോഷിപ്പിക്കാനായുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം.
5. സ്കൂൾ വായനശാല.
6. ജൈവവൈവിധ്യമാർന്ന പാർക്ക്.
7. പിന്നാക്കാവസ്ഥ ഇല്ലാതാക്കുക.
8. സി.ഡബ്ല്യു.യു. എസ് എൻ. കുട്ടികൾക്ക് പരിഗണന.
9. പ്രീ സ്കൂൾ വിദ്യഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്കരിക്കുക.
10. കാർഷിക സംസ്കാരം വളർത്തിയെടുക്കൽ.
11. സർഗവാസനകളെ വികസിപ്പിക്കൽ.
12. ബുള്ളറ്റിൻ ബോർഡ് (ഓരോ ക്ലാസിലും).
13. അധ്യാപകരിലും കുട്ടികളിലും ധാരാളം പഠനോപകരണങ്ങൾ ഉണ്ടാകണം.
14. പാഠ്യവിഷയങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കൽ.
15. ശുചിത്വ അന്തരീക്ഷം.
16. ഗണിതകിറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്.

സചിത്ര നോട്ട് ബുക്കിനെ അടിസ്ഥാനമാക്കിയുള്ള രൂപീകരണ പാഠങ്ങളിലൂടെ അക്ഷരങ്ങളുടെ പുനരനുഭവം ഒരുക്കി ആശയവതരണരീതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന പ്രക്രിയ സ്വീകരിച്ചു വരുന്നു. നിലവിലുള്ള പാഠപുസ്തകത്തിലെ പാഠഭാഗങ്ങളുമായി ബന്ധിപ്പിക്കുന്നതാണ് സചിത്ര നോട്ട് ബുക്ക്.

| മാസം | അക്കാദമിക്ക ഉള്ളടക്കം | മുന്നൊരുക്കം |
|---|---|---|
| ജൂൺ | പഠനോപകരണ ശിൽപശാല, സചിത്ര നോട്ട്ബുക്ക്, കുട്ടികളെ വെച്ചുള്ള ക്ലാസിലൂടെ പ്രക്രിയ ബോധ്യപ്പെടുത്തൽ, ഈ മാസത്തിൽ കുട്ടികൾ നേടേണ്ട ശേഷികൾ, രക്ഷിതാക്കളിൽ നിന്നും പ്രതീക്ഷിക്കുന്ന സഹായ രീതി. | |
| ജൂലൈ | ഡയറി എഴുത്ത്, സചിത്ര നോട്ട് ബുക്ക് വിശകലനം, കുട്ടികളുടെ വായനയും എഴുത്തും പുരോഗതി, വിലയേറിയ പിന്തുണ. | |

| | | |
|---|---|---|
| ആഗസ്റ്റ് | വായനോത്സവം, രചനോത്സവം തത്സമയം വിലയിരുത്തൽ. | |
| സെപ്റ്റംബർ | അനുരൂപീകൃത പഠനാനുഭവങ്ങൾ ഒരുക്കൽ പ്രാദേശിക ശിൽപശാലകൾ സംഘടിപ്പിക്കൽ പ്രാദേശിക വിദ്ഗ്ധരുടെ സേവനം ഉറപ്പ് വരുത്തൽ. | |
| ഒക്ടോബർ | കുട്ടികളുടെ പ്രവർത്തനങ്ങളുടെ സ്ക്കൂൾ തല വിലയിരുത്തൽ, വ്യക്തിഗത പാഠങ്ങൾ നൽകൽ, പുനരനുഭവം വരത്തക്കവിധം പഠന രീതികൾ ഒരുക്കൽ. | |
| നവംബർ | ആശയവതരണ രീതിയുടെ ക്ലാസാനുഭവം ഒരുക്കൽ സചിത്ര നോട്ടുബുക്കിനെ അടിസ്ഥാനമാക്കിയുള്ള പഠനങ്ങളുടെ പുനരനുഭവം ഒരുക്കൽ ഉദാ: അക്ഷരങ്ങൾ, ചിഹ്നങ്ങൾ. | |
| ഡിസംബർ | സന്നദ്ധതാ എഴുത്ത്, ടീച്ചറെഴുത്ത്, ബുക്കിലഴുത്ത് എന്നിവ തുടരാൻ തനിച്ചെഴുത്ത്, പിന്തുണ നൽകൽ, വാക്യങ്ങൾ കണ്ടെത്തി എഴുതൽ വാക്ക് കണ്ടെത്തൽ, അക്ഷരം കണ്ടെത്തൽ. | |
| ജനുവരി | ബോർഡിലെഴുത്ത്, സംയുക്ത ഡയറി പങ്കിടൽ ടീച്ചറുടെ പങ്കാളിത്തയെഴുത്ത് ഒത്തുനോക്കൽ, തിരുത്തൽ, പിന്തുണ നടത്തൽ. | |
| ഫെബ്രുവരി | കൂട്ടവായന, ചങ്ങല വായന, ഭാവാത്മക വായന, ബോർഡിലെഴുത്ത് 2-ാം ഘട്ടം ചങ്ങലെഴുത്ത്, അരങ്ങനുഭവം. | |
| മാർച്ച് | നിർദ്ദേശിക്കുന്ന ക്രമത്തിൽ വായിക്കുക, സഹവർത്തിത ബോർഡെഴുത്ത്, താളാത്മക വായന, വായനാ സാമഗ്രിഹിയും സാങ്കൽപ്പിക ഡയറിയും, സംഭാഷണ വായന, സംഭാഷണമെഴുത്ത് | |

വിദ്യാലയ മികവിനായി ഏറ്റെടുക്കാവുന്ന അക്കാദമികവും ഭൗതികവും സാമൂഹികവുമായ സ്വപ്ന പദ്ധതികൾ മാത്രം എഴുതി പട്ടികപ്പെടുത്തൽ

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ▪ ഭാഷാശേഷി വികസനം | ▪ ചിൽഡ്രൻസ് പാർക്ക് | ▪ പി.ടി.എ ശക്തിപ്പെടുത്തൽ |
| ▪ ഗണിതശേഷി വികസനം | ▪ യൂറിനൽ | ▪ എസ്.എസ്.ജി |
| ▪ ഇംഗ്ലീഷ് പഠന പരിപോഷണം | ▪ ഗണിതോത്സവം | ▪ പൂർവ്വവിദ്യാർത്ഥി സംഘടനം പ്രവർത്തനം |
| ▪ വായന പരിപോഷണം | ▪ ജൈവവൈവിധ്യ ഉദ്യാനം | ▪ എസ്.ആർ.ജി |
| ▪ ശാസ്ത്ര പരിപോഷണം | ▪ പച്ചക്കറി തോട്ടം | ▪ ക്ലാസ് പി.ടി.എ മാതൃകാപരമാക്കൽ |
| ▪ ലൈബ്രറി ശാക്തീകരണം | ▪ ഭാഷോത്സവം | ▪ പ്രാദേശിക പി.ടി.എ |
| ▪ പഠനയാത്രകൾ | ▪ ഗണിതലാബ് | ▪ ഭവന സന്ദർശനം |
| ▪ ഐ.ടി. പരിശീലനം | ▪ ആധുനിക സൗകര്യങ്ങളോടു കൂടിയ ലൈബ്രറി | ▪ ഗ്രന്ഥശാലകൾ, സന്നദ്ധസംഘടനകൾ, വിദ്യഭ്യാസ |
| ▪ അഭിമുഖം | ▪ പ്ലേഗ്രൗണ്ട് | ▪ പ്രവർത്തകർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ |
| ▪ ഗണിതലാബ് | | ▪ വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ |
| ▪ ടേം മൂല്യനിർണ്ണയം | | |
| ▪ നിരന്തര മീല്യനിർണ്ണയം | | |
| ▪ നിരന്തരമൂല്യ നിർണ്ണയം പ്രവർത്തി പരിചയ പഠനം | | |
| ▪ കലാ-കായിക വിദ്യാഭ്യാസം | | |
| ▪ ജൈവവൈവിധ്യ പാർക്ക് | | |
| ▪ പച്ചക്കറി തോട്ടം | | |
| ▪ സ്കൂൾ പത്രം, മാസിക | | |
| ▪ പോഷകാഹാര പരിപാടി | | |

# ലക്ഷ്യങ്ങൾ-മേഖല-മലയാളം

## തനതു പ്രവർത്തനം മലയാളവെട്ടം

1. അക്ഷരങ്ങളെ പ്രതിനിധീകരിക്കുന്ന അക്ഷര മരം. നിർമിച്ച് അതിൽ പരമാവധി അക്ഷരങ്ങൾ കണ്ടെത്തുക.
2. വളരുന്ന വാക്യങ്ങൾ ഉൾപ്പെടുത്തി വായനാകാർഡ് നിർമിക്കുക.
3. വായനാവതന്തം കയ്യെഴുത്ത് മാസിക.
4. വായനാകൂട്ടം രൂപീകരിച്ച് പദനിഘണ്ടു തയ്യാറാക്കൽ
5. പിന്നോക്കാവസ്ഥ പരിഹരിരക്കൽ
6. പഠന വിടവ് നികത്തൽ
7. ആസ്വാദന ശേഷി
8. സാഹിത്യഭിരുചി

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| കുട്ടിയെ മികച്ച വായനക്കാരാക്കുക. | ▪ ക്ലാസ് വായനക്കൂട്ടം രൂപീകരിക്കുക. | |
| | ▪ വായനാമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ | 6 മാസം |
| | ▪ പത്രവായന, പത്രക്വിസ്, വാർത്ത തയ്യാറാക്കൽ | ജൂൺ - നവംബർ |
| | ▪ വായനാകുറിപ്പ് തയ്യാറാക്കൽ, വായനോത്സവം, രചനോത്സവം | |
| | ▪ വിദ്യാരംഗം സാഹിത്യ വേദി പ്രവർത്തനങ്ങൾ, ബാല സഭ, ദിനാചാരങ്ങൾ. | |
| | ▪ എല്ലാ വർഷവും മാസിക പ്രകാശനം. | ദീർഘകാലം |
| | ▪ ചിത്രങ്ങളെ അടിസ്ഥാനമാക്കി വിവരണം തയ്യാറാക്കുന്നു. | |
| | ▪ ബാല സമാജം, ബാലസഭ, ദിനാചരണങ്ങൾ | |
| | ▪ ബാലസാഹിത്യ കൃതികളുടെ സമാഹാരണം | |

| | | |
|---|---|---|
| | ▪ സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നീ പ്രതിഭകളെ കണ്ടെത്തി സ്കൂളിലേക്ക് ക്ഷണിക്കൽ. | |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. | ▪ കുട്ടികളുടെ പതിപ്പുകൾ<br>▪ എഡിറ്റിംഗ് പരിശീലനം നടത്തുന്നു.<br>▪ നോട്ടീസ്, പോസ്റ്റർ നിർമ്മാണം. | |
| ഭാഷയിലെ വിവിധ ശേഷികളിൽ മികവ് നേടുക. | ▪ പ്രദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽയ അവരുടെ വായന എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെക്കൽ | വർഷത്തിൽ 2 പ്രവാശ്യം |
| കുട്ടിയെ മികച്ച എഴുത്തുക്കാരനാക്കൽ | ▪ എഴുത്തുകൂട്ടം രൂപീകരിക്കൽ.<br>▪ വായനാക്കൂട്ടം രൂപീകരിക്കൽ<br>▪ വായനാ കുറിപ്പ് തയ്യാറാക്കൽ<br>▪ ചിത്രങ്ങളെ അടിസ്ഥാനമാക്കി കഥ തയ്യാറാക്കുന്നു. | |
| കുട്ടികളിലെ വായനാ ശേഷി വികസിപ്പിക്കൽ | ▪ വായനാക്കാർഡ് നിർമ്മാണം | 3 ടേ മുകളിൽ |

# ഗണിതം
# തനത് പ്രവർത്തനം ഗണിതക്കളരി

ഗണിതക്കളരി സ്കൂളിലെ മൊത്തം കുട്ടികളെ അവരുടെ നിലവാരമനുസരിച്ച് മികച്ചത്, ശരാശരി, ശരാശരിക്കു താഴെ എന്നീ ഗ്രൂപ്പുകളായി തിരിച്ച് കുട്ടികളെ കളികളിലൂടെ ഗണിത വിരസത ഒഴിവാക്കി ഗണിതത്തോട് താല്പര്യം വരുത്തുന്ന പ്രവർത്തനങ്ങളിലൂടെഗണിത പഠനം എളുപ്പമാക്കുന്നു. രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഗണിത പ്രവർത്തനങ്ങൾ അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | ▪ ഗണിത പ്രവർത്തനങ്ങൾ ഉറപ്പിക്കാനായി ദൈനം ദിന ജീവിതവുമായി ബന്ധപ്പെടുത്തി ചതുഷ്ക്രിയകൾ പഠിപ്പിക്കുന്നു.<br>▪ വസ്തുക്കളെ കൂട്ടങ്ങളാക്കൽ<br>▪ ആരോഹണം, അവരോഹണം<br>▪ സ്ഥാനവില ഉറപ്പിക്കൽ<br>▪ പാറ്റേൺ രൂപീകരണം<br>▪ ഗുണന പട്ടിക രൂപീകരിക്കൽ<br>▪ ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | ഒരു കൊല്ലം<br><br>ദീർഘകാലം |
| സംഖ്യാ ബോധം ഉറപ്പിക്കൽ | ▪ വസ്തുക്കളെ എണ്ണിയെടുക്കൽ<br>▪ ഗണിത കേളികൾ<br>▪ ചിത്ര പേറ്റേൺ | |
| ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തുക. | ▪ ഐ.ടി.സി. സാധ്യതകൾ പ്രയോജനപ്പെടുത്തി ഗണിതം എളുപ്പമാക്കുക. | |
| ഗണിത ക്ലബ് | ▪ ഗണിത ക്ലബിന്റെ നേതൃത്വത്തിൽ ഗണിതം മധുരമാക്കാ നുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക | ഒരു കൊല്ലം |

# ലക്ഷ്യങ്ങൾ - മേഖല - ഇംഗ്ലീഷ്

## Essay English

- Self Introduction
- Dictronary Making
- News Reading (English Papper)
- Growing Sentences
- Riddles
- English Day
- Hellow English

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഇംഗ്ലീഷ് ഭാഷ അനായാസം വായിക്കുക എഴുതുക സംസാരിക്കുക | ▪ ആഴ്ചയിൽ 2 ദിവസം ഇംഗ്ലീഷ് അസംബ്ലി<br>▪ പത്രം വായിക്കുക (ഇംഗ്ലീഷ്)<br>▪ ഇംഗ്ലീഷ് ഡയറി എഴുതുക<br>▪ ആഴ്ച്ചയിൽ 1 ദിവസം അധ്യാപകരും കുട്ടികളും ഇംഗ്ലീഷ് മാത്രം സംസാരിക്കുക<br>▪ സ്കിറ്റ്, കോൺവർസേഷൻ,ഡ്രാമ | ദീർഘകാല പരിപാടി |
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തൽ. | ▪ പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമാക്കി മാറ്റി എഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കുക.<br>▪ കൊച്ചു കൊച്ചു കഥകൾ എഴുതൽ<br>▪ കുട്ടിക്കവിതകൾ എഴുതൽ<br>▪ കടങ്കഥാ നിർമ്മാണം<br>▪ പദപ്രശ്നം പൂരിപ്പിക്കൽ<br>▪ തോട്സ് എഴുതൽ | പ്രതിമാസ പരിപാടി |

# ലക്ഷ്യങ്ങൾ - മേഖല - പരിസരപഠനം

## തനത് പ്രവർത്തനം ലിറ്റിൽ സൈന്റിസ്റ്റ്

- ശാസ്ത്രജ്ഞൻമാരുടെ ആൽബം തയ്യാറാക്കൽ.
- ശാസ്ത്രവാർത്തകൾ കണ്ടുപിടിത്തങ്ങൾ ശേഖരിക്കൽ ബുള്ളറ്റിൽ ബോർഡ്.
- സ്ക്കൂൾ അസംബ്ലിളിയിൽ ആഴ്ച്ചയിൽ ഒരിക്കൽ ശാസ്ത്ര പരീക്ഷണം അവതരിപ്പിക്കുക.
-

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| പ്രകൃതി സംരക്ഷണ ബോധവും നിരീക്ഷണ പാഠവും. | ▪ പ്രകൃതി നടത്തം<br>▪ വിവരണം<br>▪ ശേഖരം<br>▪ സി.ഡി. പ്രദർശനം<br>▪ പ്രകൃതി ദുരന്തങ്ങൾ കണ്ടു മനസ്സിലാക്കുക.<br>▪ ഫീൽഡ് ട്രിപ്പ് നടത്തുന്ന പ്രകൃതി സന്ദർശന സ്ഥലങ്ങൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുന്നു. | ഹ്രസ്വ കാലം |
| ശാസ്ത്ര ലാബ് പരീക്ഷണ നിരീക്ഷണപാടവം വർധിപ്പിക്കുക. | ▪ പ്രകൃതിയിലെ തൊട്ടറിയാനുള്ള അവസരം സൃഷ്ടിക്കുക.<br>▪ വേനൽക്കാല കാഴ്ച്ചകൾ<br>▪ മഴക്കാല കാഴ്ച്ചകൾ<br>▪ പ്രകൃതിയുമായി ഇണങ്ങി ജീവിക്കാൻ പഠിക്കേണ്ടതിന്റെ ആവശ്യം<br>▪ ഫീൽഡ് ട്രിപ്പുകൾ സംഘടി പ്പിക്കും.<br>▪ പ്രകൃതി സംരക്ഷണം അത്യാവശ്യമെന്ന് മനസിലാക്കുന്നു.<br>▪ സി.ഡി പ്രോജക്ടർ ഉപയോഗം<br>▪ ഔഷധച്ചെടികൾ ശേഖരിച്ച് ഔഷധ തോട്ടം നിർമ്മിക്കൽ<br>▪ ലഘുപരീക്ഷണങ്ങൾ നടത്താനായി ലാബുകൾ ഉപയോഗിക്കുക. | ഒരു വർഷം |

| | | |
|---|---|---|
| | ▪ കണ്ടും കേട്ടും അനുഭവിച്ചുള്ള പഠനം സാധ്യമാക്കുക.<br>▪ ആഴ്ച്ചയിൽ ഒരു പരീക്ഷണം സംഘടിപ്പിക്കുക.<br>▪ പരീക്ഷണവുമായി ബന്ധപ്പെട്ട പുസ്തകൾ വായിക്കാൻ അവസരം സൃഷ്ടിക്കുക.<br>▪ ശാസ്ത്രോത്സവം | ദീർഘകാലം |
| സാമൂഹ്യശാസ്ത്രപഠനം കൂടുതൽ കാര്യക്ഷമമാക്കുക. | ▪ വിദ്യാലയത്തിൽ സൗകര്യപ്രദമായ ഒരു മുറിയിൽ സമൂഹ ശാസ്ത്രലാബ് ക്രമീകരിക്കുക<br>▪ സമൂഹ്യശാസ്ത്ര പ്രധാന്യമുള്ള സ്ഥലങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് പഠനയാതകൾ സംഘടിപ്പിക്കുക | വർഷത്തിൽ ഒരിക്കൽ |
| ശാസ്ത്രപഠനം രസകരമാക്കൽ | ▪ ശാസ്ത്രപ്രദർശനങ്ങൾ സംഘടിപ്പിക്കുക<br>▪ ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ക്ലാസുകൾ സംഘടിപ്പിക്കൽ.<br>▪ ശാസ്ത്രവുമായി ബന്ധപ്പെട്ട സ്ഥലങ്ങളുടെ സന്ദർശനം. | 6 മാസത്തിൽ ഒരിക്കൽ |
| ശാസ്ത്രം പ്രവർത്തനാണെന്ന് മനസിലാക്കുക | ▪ ശാസ്ത്രമേളകളിൽ കുട്ടികളുടെ പങ്കളിത്തം ഉറപ്പിക്കൽ<br>▪ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.<br>▪ പരീക്ഷണ ശാലകളിൽ സജീവ പങ്കാളിത്തം. | |

# ലക്ഷ്യങ്ങൾ - മേഖല - അറബിക്

- ചിത്ര കാർഡുകൾ
- കൈൻ മാസ്റ്റർ - പെൻസിൽ റീഡിംഗ്
- പെൻസിൽ റീഡിംഗ്, റൈറ്റിംഗ്
- സെൽഫ് ഇന്റ്റഡക്ഷൻ.
- ഡോക്കുമെന്ററി
- വീഡിയോ എഡിറ്റിംഗ്.
- പ്ലേ വേ മെത്തേഡ്
- ഡിക്ഷണറി മെത്തേഡ്
- അറബിക് ഫെസ്റ്റ്

## ലക്ഷ്യങ്ങൾ - മേഖല - ആരോഗ്യവിദ്യാഭ്യാസം

- കുട്ടികൾക്ക് കായിക ആരോഗ്യ ശീലങ്ങൾ വളർത്തുക
- കായിക പരിശീലനങ്ങൾ കാര്യക്ഷമമാക്കൽ
- കുട്ടികൾക്ക് താൽപര്യമുള്ള കളികളിൽ ഏർപ്പെടുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കുട്ടികൾക്ക് കായിക ആരോഗ്യങ്ങൾ വളർത്തജശ | ▪ രാവിലെയും വൈകുന്നേരം കായിക പരിശീലനം നൽക്കുക<br>▪ പോഷകാഹാരമുള്ള ഭക്ഷണം നൽക്കുക | ആഴ്ച്ചയിൽ 2 ദിവസം |
| കായിക പരിശീലനങ്ങൾ കാര്യക്ഷമമാക്കൽ | ▪ കായിക പരിശീലനം ലഭിച്ചവരുടെ സേവനം ലഭ്യമാക്കുക<br>▪ കായികോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കൽ | ദീർഘകാലം |
| കുട്ടികൾക്ക് താൽപര്യമുള്ള കളികളിൽ ഏർപ്പെടുക. | ▪ ബുദ്ധിവികാസം വർദ്ധിപ്പിക്കാൻ - ചെസ്സ്<br>▪ ശാരീരികക്ഷമത വർദ്ധിപ്പിക്കുന്നതിൻ - ഫുഡ്ബോൾ, ക്രിക്കറ്റ് | |

## ലക്ഷ്യങ്ങൾ-മേഖല-കലാകായിക പ്രവർത്തിപരിചയം

- കായികപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുക.
- കായിക വിദ്യാഭ്യാസം ഉറപ്പാക്കുക
- ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തി പ്രവർത്തിപരിചയത്തിൽ പരിശീലനം നൽകുക

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കലാകായിക പ്രവർത്തിപരിചയ മേഖലകളിൽ ഉന്നമനം | ▪ ക്ലാസ്സ്തല മേളകൾ<br>▪ സ്കൂൾതല മേളകൾ<br>▪ വിജയികളെ സബ്ജില്ല മേളകളിൽ പങ്കെടുപ്പിക്കൽ<br>▪ രക്ഷിതാക്കൾക്കുള്ള മത്സരങ്ങൾ സംഘടിപ്പിക്കൽ<br>▪ രക്ഷിതാക്കളുടെ സേവനം ഉപയോഗപ്പെടുത്തൽ<br>▪ പരിശീലനം ലഭിച്ചവരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കൽ<br>▪ ഐ.ടി സാധ്യത ഉപയോഗപ്പെടുത്തുക<br>▪ കുടിൽ വ്യവസായങ്ങൾ സന്ദർശനം പ്രദർശനങ്ങൾ | ദീർഘ കാലം<br>ദീർഘ കാലം<br>ദീർഘ കാലം |

| പ്രവർത്തനം | | നടത്തിപ്പിനാവശ്യമായ തുക | സോഴ്സ് |
|---|---|---|---|
| 1 | മലയാളം<br>ക്ലാസ്സ് ലൈബ്രറി (വായനമൂല നിർമ്മാണം) | 2000 | പഞ്ചായത്ത് |
| 2 | പത്രം | 5000 | സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ് |
| 3 | നാടൻ കലകൾ പരിചയപ്പെടുത്തൽ | 500 | യുവജന സംഘടനകൾ |
| 4 | അഭിമുഖം,ശിൽപശാലകൾ | 1000 | പഞ്ചായത്ത് |
| | ഗണിതം | | |
| 1 | ഗണിത ലാബ് സജ്ജമാക്കൽ | 4000 | പഞ്ചായത്ത് |
| 2 | ഗണിത കിറ്റ് | 5000 | ബി.ആർ.സി |
| | ഇംഗ്ലീഷ് | | |
| 1 | ഇംഗ്ലീഷ് ഫെസ്റ്റ് | 1000 | പഞ്ചായത്ത് |
| 2 | റീഡിംഗ് കാർഡ് നിർമ്മാണം | 500 | പഞ്ചായത്ത് |
| | പരിസരപഠനം | | |
| 1 | സയൻസ് ലാബ് സാമഗ്രികൾ വാങ്ങൽ | 1000<br>1000 | പഞ്ചായത്ത്<br>പി.ടി.എ |
| 2 | വൃക്ഷത്തൈ നടൽ | 500 | സന്നദ്ധ സംഘടനകൾ, അദ്ധ്യാപകർ |
| 3 | പച്ചക്കറി തോട്ടം | 3000<br>2000 | കൃഷിഭവൻ,<br>തൊഴിലുറപ്പ് |
| 4 | പൂന്തോട്ട നിർമ്മാണം | 2000<br>1000 | പഞ്ചായത്ത്,<br>എം.പി.ടി.എ |
| | കായികപഠനം | | |
| 1 | കായികോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കൽ | 5000 | പഞ്ചായത്ത് |

## മോണിറ്ററിംഗ് രീതി

- ഉദ്യോഗസ്ഥതലത്തിലുള്ള മോണിറ്ററിംഗ്
- സ്കൂൾതല മോണിറ്ററിംഗ്
- പി.ടി.എ, എം.പി.ടി.എ, എസ്.എസ്.ജി, എസ്.ആർ.ജി, ഒ.എസ്.എ
- ദൈനംദിന മോണിറ്ററിംഗ് (എച്ച്.എം, എസ്.ആർ.ജി കൺവീനർ)

## ഉപസംഹാരം

സ്കൂളിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ ഒരു മാറ്റത്തിന്റെ പ്രതീക്ഷ ഉണർത്തുന്നു. പൊതുവിദ്യാലയങ്ങൾ നാശത്തിന്റെ വക്കിലെത്തി നിൽക്കുന്നുവെന്ന സത്യം നാം എല്ലാവരും തിരിച്ചറിഞ്ഞിട്ടുണ്ട്. അതുകൊണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം സമഗ്രവും വികസന ലക്ഷ്യം മുമ്പിൽ കണ്ടുകൊണ്ടാണ്. അതിൽ എല്ലാവരും പങ്കാളികളാകണം. കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാവുക എന്നത്. നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തു സൂക്ഷിക്കേണ്ടതും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.